# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 294 | 10/06/2013-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ആദിവാസി ശിശുമരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. ചെന്താമരാക്ഷൻ | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ പോഷക ആഹാര കുറവ് മൂലം കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര പേർ മരണപ്പെട്ടുവെന്ന് വിശദമാക്കുമോ; | എ | 45 ശിശുക്കൾ മരണപ്പെട്ടു. |
| ബി | മാസം തികയാതെയുള്ള പ്രസവം, ഭാരക്കുറവ്, ജന്മനായുള്ള ഹൃദയ വൈകല്യം എന്നീ കാരണങ്ങൾ കൊണ്ട് എത്ര കുട്ടികളാണ് മരണപ്പെട്ടത് എന്ന് വിശദമാക്കുമോ; | ബി | 45 ശിശുക്കൾ |
| സി | അട്ടപ്പാടിയിലെ ആദിവാസി വിഭാഗക്കാരുടെ സംരക്ഷണത്തിനായി എന്തെല്ലാം പാക്കേജുകളാണ് പ്രഖ്യാപിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | സി | പട്ടികവർഗ്ഗ വികസന വകുപ്പ് സൗജന്യമായി ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്. സാമൂഹ്യ നീതി വകുപ്പും ആരോഗ്യ വകുപ്പും ചേർന്ന് ഗർഭിണികൾക്കും, കുഞ്ഞുങ്ങൾക്കും പോഷകാഹാര വിതരണം, ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ മുതലായ കാര്യങ്ങൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോട്ടത്തറയിൽ പ്രവർത്തിക്കുന്ന ട്രൈബൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും ആദിവാസികളുടെ പരമ്പരാഗത ധാന്യ കൃഷികൾ പുനരുജ്ജീവിപ്പിക്കാൻ ഉദ്ദേശിച്ചുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ, അട്ടപ്പാടിയുടെ സമഗ്ര വികസനത്തിനായി കേന്ദ്ര ഗവൺമെന്റ് 112 കോടി രൂപയുടെ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. |
| ഡി | ഇത്തരത്തിലുള്ള പാക്കേജുകൾക്കായി എത്ര കോടി രൂപയാണ് മാറ്റിവെച്ചിട്ടുള്ളത് എന്ന് വകുപ്പ് തിരിച്ചുള്ള കണക്ക് വിശദമാക്കുമോ? | ഡി | ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. അതിനാൽ അവയുടെ പദ്ധതി ചെലവ് കണക്കാക്കിക്കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ